LIBRARY ARCHIVES Kerala Legislative Assembly

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

125 (4116) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സാമ്പത്തിക വർഷം പുതുതായി സൃഷ്ടിച്ച തസ്തികകളിൽ ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാതെ സൃഷ്ടിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം, എത്ര വീതം എന്ന് വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. ഗവൺമെന്റ് ആർട്ട്സ് & സയൻസ് സയൻസ് കോളേജുകളിൽ 245 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടതിൽ ധനകാര്യ വകുപ്പിന്റെ അനുമതി 58 തസ്തികകൾക്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ധനവകുപ്പിന്റെ അനുമതിയില്ലാതെ സൃഷ്ടിച്ചതിൽ 100 തസ്തികകൾ ആവശ്യത്തിലധികമാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയതിനെ തുടർന്ന് റദ്ദ് ചെയ്യുകയുണ്ടായി.

## സോഷ്യൽ മീഡിയയിലൂടെ പ്രതികരണം ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടികൾ

126 (4117) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവമാധ്യമങ്ങളിലൂടെ പ്രതികരിച്ചതിന് ധനകാര്യവകുപ്പിന്റെ കീഴിലുള്ള എത്ര ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും ജീവനക്കാരനെ ഇതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ പ്രതികരിക്കുന്നവർക്കെതിരെ അച്ചടക്ക നടപടി എടുത്തത് നിലവിലുള്ള ഏതു സർവ്വീസ് ചട്ടങ്ങൾ പ്രകാരമാണെന്നും വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങളിൽ ഇപ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ വ്യവസ്ഥകൾ ഇല്ലെങ്കിൽ നിയമപരമായി നിലനിൽക്കാത്തതും നിയമസാധുത ഇല്ലാത്തതുമായ ഇത്തരം അച്ചടക്ക നടപടികൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) നവമാധ്യമങ്ങളിലൂടെ പ്രതികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ധനകാര്യ വകുപ്പിലുള്ള ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ ജീവനക്കാരെ ആരെയും സസ്പെൻഡ് ചെയ്തിട്ടില്ല.

(സി) Kerala Government Servants Conduct Rules, Kerala Civil Services (Classification, Control & Appeal) Rules എന്നിവ പ്രകാരം അച്ചടക്ക നടപടി എടുക്കാവുന്നതാണ്.

(ഡി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങളിൽ ഇപ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ വ്യവസ്ഥകൾ ഉണ്ട്.

## മംഗല്യ നിധി

127 (4118) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മംഗല്യനിധിയിലേക്ക് ധനസമാഹരണം നടത്തുന്നത് എങ്ങനെയൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നാണ് പ്രബല്യത്തിൽ വന്നത് ; നാളിതുവരെ ഇതിലേക്കായി എത്ര തുക സമാഹരിക്കുവാൻ സാധിച്ചു ;

(സി) എത്ര രൂപയാണ് ഓരോരുത്തർക്കും പ്രസ്തുത നിധിയിൽനിന്നും സഹായമായി നല്കിവരുന്നതെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വിശദീകരിക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിൽ നിന്നും നാളിതുവരെ എത്ര പേർക്ക് സഹായം നല്കിയെന്നും ഇതിനായി ആകെ എത്ര രൂപ ചെലവായിയെന്നും അറിയിക്കാമോ ?

### ഉത്തരം

(എ-ഇ) 2013-ലെ ധനകാര്യ ആക്ട് പ്രകാരം സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ സഹായത്തിനായാണ് മംഗല്യനിധി പദ്ധതി രൂപീകരിച്ചത്. ഇതിനാവശ്യമായ ഫണ്ട് മംഗല്യനിധി സെസ്സായി പിരിക്കാൻ ധനകാര്യ നിയമം 2013 പ്രകാരം വ്യവസ്ഥ ചെയ്തു. പ്രസ്തുത വ്യവസ്ഥ പ്രകാരം മംഗല്യ നിധി സെസ്സ് ചട്ടം 23-7-2013-ൽ പ്രാബല്യത്തിൽ വന്നു. ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകളിലോ 500 ൽ കൂടുതൽ ഇരിപ്പിട സൗകര്യമുള്ള ആഡിറ്റോറിയത്തിലോ വിവാഹമോ അനുബന്ധ ആഘോഷമോ നടത്തുന്നവരിൽ നിന്നാണ് ഈ സെസ്സ് ഈടാക്കിയിരുന്നത്. 23-7-2013 മുതൽ 31-3-2014 വരെ മംഗല്യ നിധി സെസ്സായി 4.10 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly